**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6044** **09-11-2021 - ൽ മറുപടിയ്ക്ക്**

**സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ; | (എ) | സാമൂഹിക വനവത്കരണത്തിനായി ഹരിതകേരളം പദ്ധതിയിൽപ്പെടുത്തി പരിസ്ഥിതി ദിനത്തോടനുബന്ധിച്ചും വനമഹോത്സവത്തിന്റെ ഭാഗമായും തൈകൾ ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും വനം വകുപ്പ് നേരിട്ട് നട്ടുപിടിപ്പിക്കുകയും ചെയ്തു വരുന്നു. കൂടാതെ സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, പുഴയോര സംരക്ഷണം, സ്ഥാപന വനവൽക്കരണം, നഗരവനം, വിദ്യാവനം, നക്ഷത്രവനം എന്നീ പദ്ധതികളും; ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്കും പരിസ്ഥിതി പ്രവർത്തനങ്ങൾക്കും വനവൽക്കരണ പരിപാടികൾക്കും പ്രോത്സാഹനമെന്ന നിലയിൽ ജില്ലാടിസ്ഥാനത്തിൽ എല്ലാ വർഷവും വനമിത്ര പുരസ്കാരവും നൽകിവരുന്നുണ്ട്. കണ്ടൽക്കാട്ടുകളുടെയും, കാവുകളുടെയും സംരക്ഷണം, സ്വകാര്യ ഭൂമികളിൽ വൃക്ഷം വച്ചുപിടിപ്പിയ്ക്കുന്നതിനുള്ള പ്രോത്സാഹന ധന സഹായ പദ്ധതി, ഫോറസ്ട്രി ക്ലബ്ബ് തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്ന തൈകൾ നടുന്നതും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട വിലയിരുത്തൽ കാര്യക്ഷമമായി നടപ്പിലാക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും, സംഘടനകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥികൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പും, ഉന്നത വിദ്യാഭ്യാസവകുപ്പും, തദ്ദേശ സ്വയംഭരണവകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് |

| | | | |
|---|---|---|---|
| | | | തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡൻറ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡൻറ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും, അതിജീവനശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. സ്ഥാപനവനവൽക്കരണത്തിൽ സർക്കാർ വക സ്ഥാപനങ്ങളോടനുബന്ധിച്ച് നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ പരിപാലനത്തിന് ധാരാണാപത്രം തയ്യാറാക്കി സ്ഥാപനങ്ങളെ ചുമതലയേൽപിച്ച് അതിജീവനം ഉറപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ